# <u>സൈബർ സുരക്ഷാ പ്രതിജ്ഞ</u>

ഞാൻ ഇന്ത്യൻ സൈബർ സുരക്ഷാ നിയമങ്ങൾക്ക് വിധേയമായി മാത്രമേ ഇന്റർനെറ്റും അനുബന്ധ സങ്കേതങ്ങളും ഉപയോഗിക്കുകയുള്ളൂ. സാമൂഹിക നന്മയ്ക്ക് അനുയോജ്യമായ വിധം അറിവ് പങ്കുവയ്ക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും ഇന്റർനെറ്റ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതാണ്. മാതാപിതാക്കളുടെയോ അധ്യാപകരുടെയോ അറിവോടെയും സമ്മതത്തോടെയും മാത്രമേ ഇന്റർനെറ്റ് ഉപയോഗിക്കുകയുള്ളൂ. രാജ്യതാത്പര്യത്തിന് വിരുദ്ധമായതോ, ജാതി-മത-വർഗ്ഗ സ്പർദ്ധ വളർത്തുന്നതോ ആയ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയില്ല. അനുമതിയില്ലാത്ത വിവരങ്ങൾ ഞാൻ ഡൗൺലോഡ് ചെയ്യുകയോ തെറ്റായതോ മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതോ വേദനിപ്പിക്കുന്നതോ ആയ സന്ദേശങ്ങൾ ഇന്റർനെറ്റ് വഴി പ്രചരിപ്പിക്കുകയോ ഇല്ല. ഇന്റർനെറ്റ് ഉപയോഗത്തിൽ അനുസരിക്കേണ്ട നിയമങ്ങളും മര്യാദയും പരിപാലിക്കുന്ന ഉത്തമപൗരനായിരിക്കും ഞാൻ എന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.